കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 23 | ലക്കം 3 | ഒക്ടോബർ 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 പ്രകൃതികൃഷി രീതിയിൽ കൃഷിയിറക്കിയ നെൽകൃഷിയുടെ വിളവെടുപ്പ് കൃഷി മന്ത്രി പി പ്രസാദ് നിർവഹിച്ചു

4 ആരോഗ്യകേരളത്തിന്റെ അടിത്തറ കൃഷിയാണ്: കൃഷി മന്ത്രി പി പ്രസാദ്

5 കർഷകന് 8 ലക്ഷം രൂപയുടെ ധനസഹായവുമായി മൃഗസംരക്ഷണ വകുപ്പ്

# കേരളത്തിനാകെ മാതൃകയാണ് നെൽ കെജി : കൃഷി മന്ത്രി പി പ്രസാദ്




പെരുമ്പാവൂർ മണ്ഡലത്തിലെ സ്കൂളുകളിൽ നടക്കുന്ന ""നെൽ കെ ജി"" കുട്ടി കർഷക സംഗമവും വിളവെടുപ്പ് മഹോത്സവ ഉദ്ഘാടനവും വേങ്ങൂർ മാർ കൗമ ഹയർ സെക്കൻഡറി സ്കൂളിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു.

പെരുമ്പാവൂർ മണ്ഡലത്തിലെ സ്കൂളുകളിൽ നടക്കുന്ന "നെൽ കെ ജി" കൃഷി കേരളത്തിന് ആകെ മാതൃകയാണെന്നും പാഠപുസ്തകത്തിന് പുറത്തെ കൃഷി പാഠമാണ് "നെൽ കെ ജി"യെന്നും കൃഷിമന്ത്രി പി പ്രസാദ്. "നെൽ കെ ജി" കുട്ടി കർഷക സംഗമവും വിളവെടുപ്പ് മഹോത്സവവും വേങ്ങൂർ മാർ കൗമ ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പുത്തൻ കൃഷി രീതികളും ആധുനിക സാങ്കേതിക വിദ്യകളും കുട്ടികൾക്ക് മനസ്സിലാക്കാനും മണ്ണിനേയും കൃഷിയെയും കൂടുതൽ അറിയുവാനും കഴിയുന്നു. പുതിയ പുതിയ ചിന്തകളുടെയും ആശയങ്ങളുടെയും കുത്തൊഴുക്ക് ജൻ സി (Gen Z) കുട്ടികളിലുണ്ടെന്നും കാർഷിക മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കുന്നതിന് ഇവർക്ക് സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. "നെൽ കെ ജി" മികച്ച ചുവട് വെപ്പാണെന്നും ഭാവിയിലേക്കുള്ള കരുതൽ കൂടിയാണെന്നും പെരുമ്പാവൂരിലെ കുട്ടികൾ മികച്ച മാതൃകയാണെന്നും കുട്ടികളെഹൃദയം നിറഞ്ഞ് അഭിനന്ദിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

അഡ്വ എൽദോസ് പി കുന്നപ്പിള്ളിൽ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽഅഭിവന്ദ്യ മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. ത്രിതല പഞ്ചായത്ത് പ്രസിഡന്റ്മാരും അംഗങ്ങളും, എൻ പി ആൻറണി പവിഴം, ജില്ലാ കൃഷി ഓഫീസർ ഇന്ദു പി നായർ, കൃഷി അസി. ഡയറക്ടർ സിബി വി ജി, കൃഷി ഓഫീസർമാർ തുടങ്ങിയവർ സംസാരിച്ചു.



ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

# പ്രകൃതികൃഷി രീതിയിൽ കൃഷിയിറക്കിയ നെൽകൃഷിയുടെ വിളവെടുപ്പ് കൃഷി മന്ത്രി പി പ്രസാദ് നിർവഹിച്ചു



പ്രകൃതി കൃഷി രീതിയിൽ കൃഷിയിറക്കിയ ആലത്തൂർ സീഡ് ഫാമിലെ നെൽകൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം കൃഷി മന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു.

കാലാവസ്ഥാ മാറ്റത്തെ അതിജീവിച്ച കീട രോഗ ആക്രമണങ്ങൾ തീരെ ബാധിക്കാതെയും വിളവിൽ കുറവ് വരാതെയും പരീക്ഷണാടിസ്ഥാനത്തിൽ പ്രകൃതി കൃഷി രീതിയിൽ കൃഷിയിറക്കിയ ആലത്തൂർ സീഡ് ഫാമിലെ നെൽകൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം കൃഷി മന്ത്രി പി പ്രസാദ് നിർവഹിച്ചു.

കനത്ത മഴയിലും തുടർന്ന് ഉണ്ടായ കനത്ത ചൂടിലും നിരവധി രോഗ കീടങ്ങൾ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം, പോളചീയൽ രോഗം, ഇലപ്പേൻ, മുഞ്ഞ ഓലചുരുട്ടി പുഴു, തണ്ടുതുരപ്പൻ പുഴു എന്നിവയുടെ ആക്രമണം വളരെ രൂക്ഷമായിരുന്നു. എന്നാൽ സീഡ് ഫാമിലെ പരീക്ഷണാടിസ്ഥാനത്തിൽ കൃഷിയിറക്കിയ ഒരു ഏക്കറിലെ നെൽകൃഷിയിൽ കാലാവസ്ഥാ മാറ്റം കൊണ്ട് രൂക്ഷമാകുന്ന കീട രോഗ ബാധകൾ ഒട്ടും തന്നെ ബാധിച്ചില്ല എന്നത് ശ്രദ്ധേയമാണ്. കൃഷിയിടത്തിൽ മിത്രപ്രാണികളുടെ എണ്ണം വർദ്ധിച്ച തോതിൽ നിലനിർത്താൻ സാധിക്കുന്നുണ്ട് എന്നതും പ്രകൃതി കൃഷിയുടെ പ്രത്യേകതയാണ്. ഒരു ഏക്കറിൽ നിന്നും 1638 കിലോഗ്രാം വിളവാണ് പ്രകൃതി കൃഷിയിലൂടെ ലഭിച്ചത്. ഉത്പാദന ഉപാധികളുടെ ചെലവ് വളരെ കുറക്കാനും ഇതുമൂലം സാധിച്ചു എന്നതുംനേട്ടമാണ്.

സുസ്ഥിര പ്രകൃതി കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കാനും പ്രകൃതിദത്ത ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും. ലക്ഷ്യമിട്ടുകൊണ്ട് ജൈവകാർഷിക മിഷന്റെ ഒരു സബ് മിഷൻ ആയി കേരള സർക്കാർ പ്രകൃതി കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആലത്തൂർ എം എൽ എ കെ ഡി പ്രസേനൻ അദ്ധ്യക്ഷത നിർവഹിച്ച ചടങ്ങിൽ പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ ബിനുമോൾ മുഖ്യാതിഥി ആയി. കൃഷി വകുപ്പിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ, കേരള കാർഷിക സർവകലാശാലയിൽ നിന്നുള്ള ഉദ്യോഗസ്ഥർ, കർഷകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



# സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസ് യൂണിറ്റുകൾ നടപ്പാക്കും – മന്ത്രി ജെ. ചിഞ്ചുറാണി

## ക്ഷീര കർഷകരുടെ പലിശ വിഹിതം സർക്കാർ അടക്കുന്ന പദ്ധതി നടപ്പാക്കും–ജില്ലാ ക്ഷീര സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി



മേപ്പയ്യൂർ ടി കെ കണ്വെന്ഷന് സെന്ററിൽ സംഘടിപ്പിച്ച ജില്ലാ ക്ഷീരസംഗമം ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു.

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസ് യൂണിറ്റ് പൂർണ്ണമായും നടപ്പാക്കും. ഇപ്പോൾ തന്നെ മിക്കവാറും എല്ലാ ബ്ലോക്കുകളിലും ആംബുലൻസ് സേവനം ലഭ്യമാണ്. ഉടൻതന്നെ ബാക്കിയുള്ള ബ്ലോക്ക് പഞ്ചായത്തുകളിലും ഈ സേവനം ലഭ്യമാകുന്നതോടെ എല്ലാ ബ്ലോക്ക്പഞ്ചായത്തുകളിലും 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാകുന്ന സംസ്ഥാനമായി കേരളം മാറുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. മേപ്പയ്യൂര് ടി കെ കണ്വെന്ഷന് സെന്ററില് സംഘടിപ്പിച്ച ജില്ലാ ക്ഷീര സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

രാത്രിയിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും വീടുകളിലെത്തി ചികിത്സ നൽകാനും വെറ്ററിനറി ആംബുലൻസ് യൂണിറ്റ് വഴി സാധിക്കും. കൂടാതെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ടെലി വെറ്ററിനറി യൂണിറ്റുകൾ വഴി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ആംബുലൻസ് സേവനം ക്ഷീരകർഷകന്റെ വീട്ടുപടിക്കൽ ലഭ്യമാണ്. പശുക്കളുടെ എക്സ്റേ എടുക്കുന്നതിനും അത്യാവശ്യ ശസ്ത്രക്രിയകൾ നടത്തുന്നതിനും ഉൾപ്പെടെ എല്ലാ സംവിധാനങ്ങളും ഇതിൽ ഉണ്ടാകും.

മൃഗസംരക്ഷണ മേഖലയിൽ വലിയ മാറ്റങ്ങളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാല് ഉല്പ്പാദനക്ഷമതയിൽ രാജ്യത്ത് പഞ്ചാബിനൊപ്പമെത്താനാണ് കേരളം ശ്രമിക്കുന്നതെന്ന് വകുപ്പ് മന്ത്രി പ്രസ്താവിച്ചു. ക്ഷീരകർഷകർക്കായി സംസ്ഥാന സർക്കാർ നിരവധി ക്ഷേമപ്രവർത്തങ്ങളാണ് നടത്തിവരുന്നത്. ഡിജിറ്റൽ വത്കരണത്തിന്റെ ഭാഗമായി വെറ്ററിനറി രംഗത്ത് ഇ-സംവിധാനത്തിന് രൂപം നല്കുമെന്നും മന്ത്രി പറഞ്ഞു. ബാങ്ക് വായ്പയിൽ പത്ത് പശുക്കളെ വരെ വാങ്ങുന്ന ക്ഷീരകർഷകരുടെ പലിശ വിഹിതം സർക്കാർ അടക്കുന്ന പദ്ധതി നടപ്പാക്കും. ഈയിനത്തിൽ ഒരു കർഷകന്റെ മൂന്നു ലക്ഷം രൂപ വരെയുള്ള പലിശ സര്ക്കാര് അടക്കും. ലക്ഷക്കണക്കിന് ക്ഷീരകർഷകർക്ക് പെൻഷൻ, ക്ഷീരകർഷകരുടെ മക്കൾക്ക് സ്കോളർഷിപ്പ്, ഇൻഷുറൻസ് പരിരക്ഷ തുടങ്ങി നിരവധി പദ്ധതികൽ സർക്കാർ നടപ്പാക്കി. മിൽമയിലെ തസ്തികകളിൽ സ്ഥിരംനിയമനത്തിന് ക്ഷീരകർഷകരുടെ മക്കൾക്ക് സംവരണം നല്കാനുള്ള ഉത്തരവ് ഈ സർക്കാർ നൽകി. പാല് ഉത്പാദനത്തിൽ കേരളത്തിലെ മൂന്ന് മേഖല പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ ലാഭം ലഭിച്ചത് മലബാർ മേഖലയിൽ നിന്നാണെന്നും ആ ലാഭത്തിന്റെ 85 ശതമാനം ക്ഷീര സംഘങ്ങൾ വഴി ആനുകൂല്യമായി നല്കുകയാണ് ചെയ്യുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ടി രാജൻ അധ്യക്ഷനായി. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. പി ഗവാസ്, മേലടി ബ്ലോക്ക് പഞ്ചായത്ത്

വൈസ് പ്രസിഡന്റ് പ്രസന്ന, കേരള കോ-ഓപറേറ്റിവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ ചെയർമാൻ കെ എസ് മണി, ഡയറക്ടർ പി ശ്രീനിവാസൻ, കൊഴുക്കല്ലൂർ ക്ഷീര സംഘം പ്രസിഡന്റ് കെ.കെ. അനിത, ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആർ. രശ്മി, ക്ഷീര കർഷക പ്രതിനിധികൾ, രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ക്ഷീരസംഗമത്തോടനുബന്ധിച്ച് കന്നുകാലി പ്രദർശനം, ഗോസുരക്ഷാ ക്യാമ്പ്, ഡെയറി എക്സ്പോ, സഹകരണ ശില്പശാല, ആത്മ കിസാൻ ഗോഷ്ഠി, വ്യക്തിത്വ വികസന ക്ലാസ്, ക്ഷീരകർഷക സെമിനാർ, ഡെയറി ക്വിസ്, കലാസന്ധ്യ, നാട്ടിലെ ശാസ്ത്രം, ക്ഷീരകർഷകരെ ആദരിക്കൽ, സൗജന്യ വെറ്ററിനറി മെഡിക്കൽ ക്യാമ്പ് എന്നിവയും സംഘടിപ്പിച്ചു.



# ആരോഗ്യകേരളത്തിന്റെ അടിത്തറ കൃഷിയാണ്: കൃഷി മന്ത്രി പി പ്രസാദ്

കൃഷി ആരോഗ്യ കേരളത്തിന്റെ നിക്ഷേപമാണെന്നും ആരോഗ്യകേരളത്തിന്റെ അടിത്തറ കൃഷിയാണെന്നും കൃഷിമന്ത്രി പി പ്രസാദ്. VFPCK രജത ജൂബിലി ആഘോഷം മംഗലത്തുനട കാർഷിക വിപണന ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. VFPCK യുടെ കീഴിലുള്ള സ്വാശ്രയ സമിതികൾ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് കാഴ്ച വയ്ക്കുന്നതെന്നും അനുകരണീയമായ മാതൃകയാണിതെന്നും മന്ത്രി പറഞ്ഞു. ആധുനിക കൃഷി രീതികളെയും ശാസ്ത്രസാങ്കേതിക വിദ്യകളെയും കൃഷിയുമായി ബന്ധപ്പെടുത്തണം.

കൃഷിയിടത്തിലെ മൂലകങ്ങളുടെ കുറവ് കൃഷിയിടത്തിലെത്താതെ തന്നെ മനസ്സിലാക്കാൻ ഇന്ന് ഇന്റർനെറ്റ് ഓഫ് തിങ്സിലൂടെ സാധിക്കുമെന്നും കൃഷിയിടത്തിലെ എല്ലാ വിവരങ്ങളും മൊബൈൽ ഫോണിലൂടെ മനസ്സിലാക്കുവാനും കഴിയുന്ന തരത്തിൽ സാങ്കേതിക വിദ്യകൾ വളർന്ന് കഴിഞ്ഞുവെന്നും ഇത്തരം സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നത് വഴിയും പ്രൈമറി മേഖലയ്ക്കൊപ്പം ദ്വിതീയ മേഖലയ്ക്കും പ്രാധാന്യം നൽകുന്നതിലൂടെയും കർഷകർക്ക് വരുമാനം വർദ്ധിക്കുമെന്നും കൃഷി ഭവൻ സ്മാർട്ട് ആകുക എന്ന് പറഞ്ഞാൽ സേവനങ്ങൾ സ്മാർട്ട് ആവുകയാണെന്നതാണെന്നും മന്ത്രി പറഞ്ഞു. കൃഷിയിൽ ആസൂത്രണം നടത്തേണ്ടത് കർഷകനും കൃഷി ഉദ്യോഗസ്ഥനും ഒരുമിച്ചിരുന്ന് വേണമെന്നും കേരളത്തിന് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു. പകുതിയിൽ കൂടുതൽ രോഗങ്ങൾക്ക് കാരണം ഭക്ഷണമാണെന്നും കാർഷിക മേഖലയും ആരോഗ്യ മേഖലയും തമ്മിലുള്ള ബന്ധം വളരെ പ്രധാനപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. VFPCK യുടെ നേതൃത്വത്തിൽ കുട്ടികൃഷിക്കൂട്ടം പദ്ധതിയുടെ ഉദ്ഘാട




VFPCK രജതജൂബിലി ആഘോഷം മംഗലത്തുനട കാർഷിക വിപണന ഹാളിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു.

നവും മന്ത്രി നിർവഹിച്ചു.

കുന്നത്തുനാട് എംഎൽഎ അഡ്വ. പി വി ശ്രീനിജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ VFPCK സിഇഒ ബിജിമോൾ കെ ബേബി പദ്ധതി വിശദീകരണം നടത്തി. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, മുൻ എംഎൽഎ എം പി വർഗീസ്, ജില്ലാ പഞ്ചായത്ത് അംഗം ഉമ മഹേശ്വരി, സമിതി പ്രസിഡന്റ് എ കെ ഐസക്, സെക്രട്ടറി ധനജ ദേവരാജൻ, മുഴവന്നൂർ കൃഷി ഓഫീസർ ഷിഹാബ് ബാബു, VFPCK ജില്ലാ മാനേജർ മഞ്ജുഷ എസ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.



# കർഷകന് 8 ലക്ഷം രൂപയുടെ ധനസഹായവുമായി മൃഗസംരക്ഷണ വകുപ്പ്

ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച പന്നികൾ മരണപ്പെട്ട കർഷകന് കൈത്താങ്ങായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും നഷ്ട്ട പരിഹാരം. വെള്ളാങ്ങല്ലൂർ പി. സി കെ ഓഡിറ്ററിയത്തിൽ വച്ച് നടന്ന ക്ഷീര സംഗമം പൊതു സമ്മേളന വേദിയിൽ വച്ച് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി കൈമാറി.

87 പന്നികൾ ആഫ്രിക്കൻ പന്നിപ്പനി മൂലം മരണപ്പെട്ടതിന് കടങ്ങോട് പഞ്ചായത്തിലെ ശ്രീ മനേഷിനാണ് 8 ലക്ഷം രൂപ ദുരന്തനിവാരണ ഫണ്ടിൽ നിന്നും കൈമാറിയത്. ക്ഷീരവികസന വകുപ്പ് ഡയറക്ടര് ശാലിനി ഗോപിനാഥ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. കെ ബി ജിതേന്ദ്രകുമാർ, അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ ഡോ. സുബിൻ കൊളാടി, ഡോ.അമൃത സൂസൻ ജേക്കബ്, ലൈവ്സ്റ്റോക് ഇൻസ്പെക്ടർ റെജിൻ ജെയിംസ് എന്നിവർ പങ്കെടുത്തു.




ആഫ്രിക്കൻ പന്നിപ്പനി ബാധിച്ച പന്നികൾ മരണപ്പെട്ട കർഷകന് കൈത്താങ്ങായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും നഷ്ട്ടപരിഹാരം മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി കൈമാറുന്നു.

# പച്ചക്കറി ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേക്ക് : മന്ത്രി വി. എൻ വാസവൻ

## കോഴ ഫാം ഫെസ്റ്റ് സമാപിച്ചു



കൃഷിവകുപ്പും ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന കോഴ ഫാം ഫെസ്റ്റ് "ഹരിതാരവം" ഉദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നു.

പച്ചക്കറി ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിക്കുമെന്ന് സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. കൃഷിവകുപ്പും ജില്ലാ പഞ്ചായത്തും സംയുക്തമായി സംഘടിപ്പിക്കുന്ന കോഴ ഫാം ഫെസ്റ്റ് ഹരിതാരവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഒന്നാം പിണറായി സർക്കാരിൻറെ കാലംമുതൽ നടപ്പിലാക്കിവരുന്ന വിവിധ കാർഷിക പദ്ധതികളിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റുവാൻ സാധിച്ചു. ഇതിലൂടെ കാർഷിക മേഖലയിൽ മുന്നേറ്റം ഉണ്ടാക്കുവാൻ നമുക്ക് സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.

ഈ ഓണക്കാലത്ത് നമ്മുടെ നാടിന് ആവശ്യമായ പച്ചക്കറികളും പൂക്കളും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ സാധിച്ചു. ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും കാർഷിക മേഖലയിൽ കൊണ്ടുവരേണ്ട കാലമാണിത്. സ്വദേശത്തും വിദേശത്തും വിപണനം ചെയ്യാൻ സാധിക്കുന്ന കാർഷിക വിളകൾ ഉൽപാദിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

മോൻസ് ജോസഫ് എംഎൽഎ അധ്യക്ഷനും ഫ്രാൻസിസ് ജോർജ് എംപി മുഖ്യാതിഥിയുമായിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസ് സി പദ്ധതി വിശദീകരണം നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേംസാഗർ, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജോൺസൺ തോമസ് കൊട്ടുകാപ്പള്ളി, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ മഞ്ജു സുജിത്ത് , പി എം മാത്യു, ഹൈമി ബോബി, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് സിന്ധുമോൾ ജേക്കബ്, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി മത്തായി, ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ന്യൂജൻറ് ജോസഫ്, കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മത്തായി മാത്യു, കാണക്കാരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് അംബിക സുകുമാരൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ റെജി ജി വി, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, തൊഴിലാളി സംഘടന പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

കുറവിലങ്ങാട് കവലയിൽ നിന്നും ആരംഭിച്ച കർഷക ഘോഷയാത്രയാണ് ഫാം ഫെസ്റ്റിന് തുടക്കം കുറിച്ചത്. ഫെസ്റ്റിന്റെ ഭാഗമായി പ്രദർശന വിപണന മേളകൾ, കർഷകസംഗമം, പാചക മത്സരം, കാർഷിക പരിശീലന ക്ലാസുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഫാം ഫെസ്റ്റ് സെപ്റ്റംബർ 30ന് സമാപിച്ചു.

# കൃഷിയുടെ പാഠശാലകൾ ആണ് ഓരോ ഫാമുകളും: കൃഷിമന്ത്രി പി പ്രസാദ്



വിജയകരമായ കൃഷിയുടെ പരീക്ഷണശാലകളായാണ് ഓരോ ഫാമുകളും പ്രവർത്തിക്കുന്നതെന്നും കൃഷിവകുപ്പ് ഫാമുകൾ കൃഷിയുടെ പാഠശാല കൂടിയാണെന്നും കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. ഒക്കൽ ഫാം ഫെസ്റ്റ് 2025 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ആധുനിക കൃഷി രീതികൾ കർഷകർക്ക് പരിചയപ്പെടുത്തുകയും കൃഷി മേഖലയിൽ നടക്കുന്ന മാറ്റങ്ങളും സർക്കാർ ഫാമുകൾ പരീക്ഷിച്ച് വിജയിക്കുന്ന മാതൃകകളും ജനങ്ങൾക്ക് അനുഭവഭേദ്യമാക്കുകയാണ് ഇത്തരം ഫാം ഫെസ്റ്റുകളുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. കർഷകനും കൃഷിയും തമ്മിലുള്ളത് ജൈവീക ബന്ധമാണെന്നും മണ്ണും മനസ്സും തമ്മിലുള്ള മനോഹരമായ സമ്മേളനമാണ് ഒക്കൽ ഫാം ഫെസ്റ്റിൽ നടക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒക്കൽ ഫാം കാർബൺ ന്യൂട്രൽ ഫാം എന്ന ലക്ഷ്യത്തിൽ എത്തിച്ചേർന്നു എന്ന പ്രഖ്യാപനവും മന്ത്രി നടത്തി.

എൽദോസ് കുന്നപ്പിള്ളി എം എൽ എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ തോമസ് സാമുവേൽ റിപ്പോർട്ട് അവതരിപ്പിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, പഞ്ചായത്ത് പ്രസിഡന്റ് മിഥുൻ കെ എൻ, വൈസ് പ്രസിഡന്റ് എൽസി ജോർജ്,ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സനിത റഹീം, ശാരദ മോഹൻ ,എ എസ് അനിൽകുമാർ, ഷൈമി വർഗീസ്, കെ വി രവീന്ദ്രൻ, ലിസി അലക്സ്, ജില്ലാ കൃഷി ഓഫീസർ ഇന്ദു നായർ , ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ ഫാം കൗൺസിൽ അംഗങ്ങളായ സി വി ശശി, കെ ഡി ഷാജി, ഫാം സൂപ്രണ്ട് ബീത്തി ബാലചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഒക്ടോബർ 14 വരെ നീണ്ടുനിന്ന ഫെസ്റ്റിൽ കാർഷിക പ്രദർശനവും വിപണനവും, സെമിനാറുകൾ, കാർഷിക ഡോക്യുമെന്ററി പ്രദർശനം, കലാപരിപാടികൾ, മഡ് ഫുട്ബോൾ, മഡ് സൈക്ലിംഗ്, റെയിൻബോ ഡാൻസ്, ട്രഷർ ഹണ്ട്, ഭക്ഷ്യ മേള തുടങ്ങിയവ ഫാമിൽ സംഘടിപ്പിച്ചിരുന്നു.

# സേവനങ്ങൾ സ്മാർട്ടായാൽ കൃഷിഭവനും സ്മാർട്ടാകും : കൃഷിമന്ത്രി

വികർഷകർക്ക് സ്മാർട്ടായി സേവനങ്ങൾ നൽകിയാൽ മാത്രമേ കൃഷിഭവനുകളും സ്മാർട്ടാകുവെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. ടിവി പുരം ഗ്രാമപഞ്ചായത്തിലെ ചെമ്മനത്തുകരയിൽ പുതുതായി നിർമ്മിച്ച സ്മാർട്ട് കൃഷിഭവൻ്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വിളകൾക്ക് ബാധിക്കുന്ന അസുഖങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള പ്ലാൻ്റ് ഹെൽത്ത് ക്ലിനിക്, ലാബ് എന്നിവ സ്മാർട്ട് കൃഷിഭവൻ്റെ ഭാഗമായി ഉണ്ടാകും. സ്മാർട്ട് സേവനങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കണം. ആധുനിക യന്ത്രങ്ങളും ഡ്രോണുകളും ഉപയോഗിച്ചുള്ള കൃഷിരീതിയിലൂടെ കാർഷികചിലവ്



ടിവി പുരം ഗ്രാമപഞ്ചായത്തിലെ ചെമ്മനത്തുകരയിൽ പുതുതായി നിർമ്മിച്ച സ്മാർട്ട് കൃഷിഭവൻ്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു.

കുറയ്ക്കുന്നതിനും അതിലൂടെ വരുമാന വർധനവും സാധ്യമാകുന്നുണ്ട്. കർഷകൻ്റെ ശരാശരി മാസവരുമാനം 2019 ല് നിന്നും 2024 എത്തിയപ്പോൾ 61 ശതമാനം വർധിച്ചുവെന്നും മന്ത്രി പറഞ്ഞു.

സി കെ ആശ എംഎൽഎ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ജോ ജോസ് സി റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എസ് ബിജു, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീജി ഷാജി, വൈസ് പ്രസിഡൻറ് വി കെ ശ്രീകുമാർ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഹൈമി ബോബി, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ അനിയമ്മ അശോകൻ, സീമ സുജിത്ത്, അഖിൽ എ കെ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റാണിമോൾ എം കെ, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിഷ മേരി സിറിയക്, കൃഷി അസിസ്റ്റൻറ് ഡയറക്ടർ വിനു ചന്ദ്രബോസ് കൃഷി ഓഫീസർ ചൈതന്യ ആർ എം എന്നിവർ സംസാരിച്ചു.

# KAU - PRO – കേര പദ്ധതിയുടെ പ്രാരംഭ ശില്പശാല നടത്തി

കേരളത്തിൽ ലോ കാർബൺ നെൽകൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതഗൃഹ വാതക ബഹിർഗമനം കുറഞ്ഞ നെൽകൃഷി സമ്പ്രദായങ്ങൾ എന്ന വിഷയത്തിൽ ത്രിദിന പ്രാരംഭ ശില്പശാലയ്ക്ക് വെള്ളാനിക്കര കാർഷിക കോളേജിൽ തുടക്കം കുറിച്ചു. കാർഷികോത്പാദന കമ്മീഷണറും കേര പദ്ധതിയുടെ പ്രോജക്ട് ഡയറക്ടറും കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി. അശോക് ഐഎഎസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന കർഷക അവാർഡ് ജേതാവ് ശ്രീ സിജെ സ്കറിയാ പിള്ള ഉദ്ഘാടനം നിർവഹിച്ചു. കേര പ്രൊജക്റ്റ് ലീഡ് ഡോ. എ. ലത സ്വാഗതം ആശംസിച്ച പരിപാടിയിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം ഗവേഷണ ഡയറക്ടർ ഡോ. വീരേന്ദ്ര കുമാർ ആമുഖ പ്രഭാഷണം നടത്തി.

ഡോ. പ്രകാശൻ ചെല്ലട്ടൻവീട്ടിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കേര ടെക്നിക്കൽ ഓഫീസർ ശ്രീ. ജേക്കബ് ജോയ്, കേരള കാർഷിക സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ ഡോ.കെ എൻ അനിത്, രജിസ്ട്രാർ ഡോ. എ സക്കീർ ഹുസൈൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് പി സാമുവൽ, കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ബിനു പി ബോണി, ഡീൻ അഗ്രികൾച്ചർ ഡോ.ജേക്കബ് ജോൺ, ശ്രീ കെ രാജീവ്, ഒൻപതു മുറി പാടശേഖരം, ശ്രീ. കൃഷ്ണൻ, വക്കാട് പാടശേഖരം, പാലക്കാട് ജലസേചന വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ അരുൺ, തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ നിമ്പ ഫ്രാങ്കോ, കാർഷിക കോളേജ് വിദ്യാർത്ഥിനി ലിദിയ തെരേസ് ജിജി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഡോ. ലിസ മറിയം വർക്കി, ഇക്കോണോമിസ്റ്റ്, IRRI നന്ദി പ്രകാശിപ്പിച്ചു.

അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവകലാശാല, ജലവിഭവ വികസന വിനിയോഗ കേന്ദ്രം, കൃഷി വകുപ്പ്,




കേരളത്തിൽ ലോ കാർബൺ നെൽകൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നടന്ന ത്രിദിന പ്രാരംഭ ശില്പശാല വെള്ളാനിക്കര കാർഷിക കോളേജിൽ സംസ്ഥാന കർഷക അവാർഡ് ജേതാവ് ശ്രീ സിജെ സ്കറിയാ പിള്ള ഉദ്ഘാടനം നിർവഹിക്കുന്നു.

ജലസേചന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി മെച്ചപ്പെട്ട ജലപരിപാലന സാങ്കേതികവിദ്യ ഉപയോഗിച്ച് നെൽകൃഷിയിൽ ജല ഉപയോഗവും കാർബൺ ബഹിർഗമനവും കുറയ്ക്കുക എന്നതാണ് ശിൽപ്പശാലയുടെ ലക്ഷ്യം.

കാലാവസ്ഥ മാറ്റത്തെ അതിജീവിക്കാനും ഹരിതഗൃഹവാതക ബഹിർഗമനം കുറയ്ക്കാനും വേണ്ടി ലോകബാങ്ക് സഹായത്തോടെ കൃഷി വകുപ്പ് ആവിഷ്കരിച്ച കേര പദ്ധതിയുടെ ഒരു ഉപഘടകം ആണ് ഈ പദ്ധതി. ലോ കാർബൺ നെൽകൃഷിയുടെ ശില്പശാലയിൽ സാധ്യതകൾ മനസ്സിലാക്കുന്നതിന് കർഷകരും കാർഷിക വിദഗ്ധരും നിർവഹണ ഉദ്യോഗസ്ഥരും തമ്മിൽ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചു. ഗവേഷക വിദ്യാർഥികളെയും യുവഗവേഷകരെയും സ്കോളർഷിപ്പുകളും മറ്റ് സാങ്കേതിക സഹായങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിക്കും ഈ ശിൽപ്പശാലയിലൂടെ തുടക്കം കുറിച്ചു.

ഒക്ടോബർ 10 ന് ഹരിതഗൃഹവാതക ബഹിർഗമനം കുറയ്ക്കുന്ന വിള പരിപാലന മുറകൾ, ഡിജിറ്റൽ സാങ്കേതിക വിദ്യകൾ, കാർബൺ ലഘൂകരണ മാർഗ്ഗങ്ങൾ, വിവര ശേഖരണത്തിനും സ്ഥിരീകരണത്തിനുമായി നിസാർ തുടങ്ങിയ ഉപഗ്രഹ സാങ്കേതിക വിദ്യകൾ എന്നീ വിഷയങ്ങളിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം, കാർഷിക സർവകലാശാല, കോർണൽ യൂണിവേഴ്സിറ്റി, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ നയിക്കുന്ന സാങ്കേതിക സെമിനാറുകളും ഒക്ടോബർ 11 ന് കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ കൃഷിയിട സന്ദർശനങ്ങളും നടത്തുന്നു.

# യുവകർഷക സദസ്സ് വിളപ്പിൽ ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു

ഐ സിഐആർ കൃഷി വിജ്ഞാന കേന്ദ്രം മിത്രനികേതന്റെയും വിളപ്പിൽ കൃഷിഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ യുവകർഷക സദസ്സ് കാട്ടാക്കട നിയോജക മണ്ഡലം എം എൽ എ ഐ ബി സതീഷ് ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷാജിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിളപ്പിൽ കൃഷി ഓഫീസർ ജയാദാസ് സി വി സ്വാഗതം ആശംസിച്ചു.



വിളപ്പിൽ പഞ്ചായത്തിലെ മികച്ച യുവ കർഷകരോടൊപ്പം വിവിധ കോളേജുകളിൽ നിന്ന് എത്തിയ വിദ്യാർത്ഥികളും യുവകർഷക സദസ്സിൽ സംവദിച്ചു. വിവിധ കാർഷിക കോളേജുകളിലെ ബി എസ്സി അഗ്രികൾച്ചർ വിദ്യാർത്ഥികളോടൊപ്പം സരസ്വതി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വിദ്യാർത്ഥികളും പ്രസ്തുത യുവകർഷക സദസ്സിൽ പങ്കെടുത്തു. സംസ്ഥാന കൃഷി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീമതി ഷീന, ശ്രീമതി പ്രേമവല്ലി കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ശ്രീമതി ബിന്ദു ആർ മാത്യൂസ് ശ്രീമതി മഞ്ജു തോമസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

പരമ്പരാഗത കൃഷി രീതികളോടൊപ്പം ആധുനിക സാങ്കേതികവിദ്യകളും സംയോജിപ്പിച്ചുകൊണ്ട് സുസ്ഥിരമായ കൃഷി രീതികൾ അവലംബിക്കുന്നതിലൂടെ ഉൽപാദന മികവ് ലക്ഷ്യം ഇടേണ്ടതാണ് എന്ന് കർഷക സദസ്സ് അഭിപ്രായപ്പെട്ടു. വന്യജീവികളുടെ ആക്രമണം മൂലമുള്ള കൃഷിനാശം ഒഴിവാക്കുന്നതിനും കാർഷിക വിളകൾക്ക് സംരക്ഷണം നൽകുന്നതിനുമായി ഫലപ്രദമായ നിയമനിർമ്മാണം നടത്തണമെന്നും കർഷകർ ആവശ്യപ്പെട്ടു. പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവയ്ക്ക് മതിയായ വിപണിയും വിലയും ഉറപ്പാക്കുന്നതിലേക്ക് സംസ്ഥാന കൃഷി വകുപ്പും ത്രിതല പഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിക്കണം എന്നും കർഷകസഭ ആവശ്യപ്പെട്ടു.

# പാറശാല സർക്കാർ ആട് വളർത്തൽ കേന്ദ്രം – മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു

സർക്കാർ ആട് വളർത്തൽ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. തുടർന്ന് പാറശാല ആട് വളർത്തൽ കേന്ദ്രത്തിനെ മലബാറി ആടുകളുടെ 'മികവിന്റെ കേന്ദ്രമായി' ആയി മന്ത്രി പ്രഖ്യാപിച്ചു. പ്രസ്തുത ചടങ്ങിൽ പാറശാല നിയമസഭാംഗം സി.കെ. ഹരീന്ദ്രൻ* അധ്യക്ഷനായിരുന്നു. ചടങ്ങിൽ ക്ഷീരസംഘങ്ങൾക്ക് MLA-SDF ഉപയോഗിച്ച് AMCU വിതരണവും മന്ത്രി നിർവ്വഹിച്ചു. നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന ഈ ഇരുനില കെട്ടിടത്തിൽ 700 ആടുകളെ പാർപ്പിക്കാനുള്ള സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഇനി മുതൽ ഫാമിന്റെ മുഴുവൻ ശേഷി 1000 മലബാറി ആടുകളെ പാർപ്പിക്കാനുള്ളതായിരിക്കും. ജനിക്കുന്ന ആട്ടിൻകുട്ടികളെ മുൻകൂട്ടി ബുക്കിംഗ് നടത്തുന്ന കർഷകർക്ക് മുൻഗണന ക്രമത്തിൽ വിൽപ്പന നടത്തും.

കർഷകർ സങ്കേതിക വിദ്യയിലധിഷ്ഠിതമായ കാർഷികവൃത്തി നടത്തേണ്ടതിന്റെ ആവശ്യകത മന്ത്രി ഊന്നിപ്പറഞ്ഞു. ആട് കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ട്രെയിനിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു. കാസർകോട് ബദിയടുക്കയിൽ ഇത്തരത്തിലുള്ള ഡബിൾ ഡക്കർ ഫാമിൻ്റെ ഉദ്ഘാടനം വരുന്ന 30 ന് നടത്തുമെന്നും അവിടെ ചെയ്തു വരുന്ന പോലെ ആടുകളുടെ പ്രധാന തീറ്റയായ പ്ലാവില യഥേഷ്ടം ഈ ഫാമിലും ലഭ്യമാക്കുന്നതിന് വേണ്ടി പ്ലാവുകൾ വച്ചു പിടിപ്പിക്കുന്നതിനും സ്ഥലപരിമിതി പരിഹരിക്കുന്നതിനായും പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടെന്നും മന്ത്രി പ്രഖ്യാപിച്ചു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൂർത്തീകരിച്ച ഈ ഫാം കേരളത്തിലെ നവീകരിച്ച മാതൃകാ ആട് ഫാമായി മാറുമെന്ന് ശ്രീ. സി. കെ ഹരീന്ദ്രൻ എം.എൽ. എ. അറിയിച്ചു.

ഉദ്ഘാടനവും പ്രഖ്യാപനചടങ്ങും പാറശാല കുറുംകുട്ടിയിലെ ജി.എസ്. കൺവെൻഷൻ സെൻററിൽ വച്ച് നടന്നു. "ആട് വളർത്തലിലെ നവീന ആശയങ്ങൾ" എന്ന വിഷയത്തിൽ കർഷകർക്ക് വേണ്ടി സെമിനാറും നടന്നു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എം.സി. റെജിൽ, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. സിന്ധു കെ., ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. എസ്. രമ, മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. ഗിരിധർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ എസ്. കെ. ബെൻ ഡാർവിൻ, പാറശാല പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി എൽ. മഞ്ജുസ്മിത, പാറശാല പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീ. ബിജു ആർ., PWD അസിസ്റ്റൻറ് എൻജിനീയർ ശ്രീമതി എസ്. പ്രിമി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഫാം അസിസ്റ്റൻറ് ഡയറക്ടർ ഡോക്ടർ കെ. ആർ. ജിനുകുമാർ ചടങ്ങിന് നന്ദി അർപ്പിച്ചു



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh